**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3153** **13-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 അദ്ധ്യയനവർഷം മുതൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സാമൂഹിക, വൈജ്ഞാനിക, സാങ്കേതിക മേഖലകളിലുണ്ടായ വികാസം പരിഗണിച്ച് നിലവിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്ന തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ ക്ലാസിലെ പാഠ്യപദ്ധതികളാണ് പരിഷ്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; | (ബി) | പ്രീ-പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ഇതിനായി വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (സി) | നിലവിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത പരിഷ്കരണത്തിന് നേതൃത്വം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി, പാഠ്യപദ്ധതി കോർ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. പ്രാരംഭപ്രവർത്തനം എന്ന നിലയ്ക്ക് സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, കോർ കമ്മിറ്റി അംഗങ്ങൾ, അക്കാദമിക വിദഗ്ധർ എന്നിവരെ പങ്കെടുപ്പിച്ച് സംസ്ഥാനതല ആശയ രൂപീകരണ ശില്പശാല നടത്തി. ഇരുപത്തിയഞ്ച് ഫോക്കസ് മേഖലകളെ അടിസ്ഥാനമാക്കി ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഓരോ ഫോക്കസ് മേഖലയെയും അടിസ്ഥാനമാക്കി പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുകയും അവ വിശാലമായ ജനകീയ ചർച്ചകളിലൂടെ ആശയങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്തി കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കരട്) രൂപീകരിക്കുകയും ചെയ്യും. കരട് ചട്ടക്കൂട് വീണ്ടും വിശദമായ ജനകീയ ചർച്ചകളിലൂടെ മെച്ചപ്പെടുത്തി കേരള പാഠ്യപദ്ധതി ചട്ടക്കൂടിന് അന്തിമരൂപം നൽകും. ഇതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളും പഠന ബോധന സാമഗ്രികളും തയ്യാറാക്കും. |

| | | | |
|---|---|---|---|
| (ഡി) | എപ്പോഴാണ് അവസാനമായി പാഠ്യപദ്ധതി പരിഷ്കരിച്ചത്; വ്യക്തമാക്കുമോ? | (ഡി) | സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിച്ചത് 2007 ലാണ്. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (2005) നെ തുടർന്ന് വികസിപ്പിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) അടിസ്ഥാനത്തിലാണ് പ്രസ്തുത പരിഷ്കരണം നടപ്പിലാക്കിയത്. കൂടാതെ 2013 ൽ തയ്യാറാക്കിയ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ ചില മാറ്റങ്ങൾ വരുത്തിയെങ്കിലും സമഗ്രമായ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ